(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നിലേക്കായി 21-11-2015-ൽ ഡി.പി.സി. കൂടി സെലക്ട് ലിസ്റ്റ് അംഗീകരിച്ച് നൽകിയിട്ടുണ്ട്. നിയമന ഉത്തരവ് ഉടൻ നൽകുന്നതാണ്.

വാട്ടർ അതോറിറ്റിയുടെ വരുമാനവും ചെലവും

186(2655) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ വാട്ടർ അതോറിറ്റിയുടെ റവന്യൂ വരുമാനവും റവന്യൂ ചെലവും എത്രയെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

(ബി) എത്ര രൂപയാണ് സംസ്ഥാന സർക്കാർ നോൺപ്ലാൻ ഗ്രാന്റ് ആയി ഈ സാമ്പത്തിക വർഷത്തിൽ വാട്ടർ അതോറിറ്റിക്ക് നൽകിയത്?

ഉത്തരം

(എ) വാട്ടർ ചാർജ്ജ് ഇനത്തിൽ 30-11-2015 വരെ 306.90 കോടി രൂപ ലഭിച്ചു. ഷെയർ ഡെബിറ്റ്, പലിശ, മറ്റ് വരുമാനം എന്നീ ഇനങ്ങളിൽ 30.93 കോടി രൂപ ലഭിച്ചു. 30-11-2015 വരെയുള്ള ചെലവ് തരംതിരിച്ച് താഴെ കൊടുക്കുന്നു.

ശമ്പളം	:	218.47 കോടി രൂപ
പെൻഷൻ	:	92.10 കോടി രൂപ
ഉദ്യോഗസ്ഥരുടെ ലീവ്, സറണ്ടർ, മെഡിക്കൽ അലവൻസ് തുടങ്ങിയ ചെലവ്	:	33.24 കോടി രൂപ
ഓഫീസ് ചെലവ്	:	14.68 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

എച്ച്.ആർ. വേജസ്	:	46.08 കോടി രൂപ
അറ്റകുറ്റപ്പണികൾ	:	72.69 കോടി രൂപ
ലോണുകളുടെ തിരിച്ചടവ്	:	5.08 കോടി രൂപ
പെൻഷൻ ആനുകൂല്യങ്ങൾ (ഡി.സി.ആർ.ജി., കമ്മ്യൂട്ടേഷൻ, അരിയർ & ടെർമിനൽ സറണ്ടർ)	:	62.19 കോടി രൂപ
വൈദ്യുതി ചെലവ്	:	15.21 കോടി രൂപ
ആകെ	:	559.74 കോടി രൂപ

(ബി) 147.06 കോടി രൂപയാണ് 30-11-2015 വരെ സംസ്ഥാന സർക്കാരിൽനിന്നും നോൺ പ്ലാൻ ഗ്രാന്റായി ലഭിച്ചത്.

വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

187(2656) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര തസ്തികകളാണ് ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഡിഗ്രി, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കാറ്റഗറികളിലെ ഒഴിവുകൾ എത്രയാണ്; വ്യക്തമാക്കുമോ;

(സി) വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുള്ള നിയമനത്തിന് പി.എസ്.സി. അപേക്ഷ ക്ഷണിച്ചത് എന്നാണെന്ന് അറിയുമോ; ഈ നിയമനം വൈകുന്നത് എന്തുകൊണ്ടാണ്; നിയമനത്തിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ മൂന്ന് ഒഴിവുകളുണ്ട്.

(ബി) മൂന്ന് ഒഴിവുകളും ഡിഗ്രി കാറ്റഗറിയിലാണ്.

(സി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും വിവരം ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly